# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3479** **14.03.2017-ൽ മറുപടിക്ക്**

## സർക്കാർ പരസ്യങ്ങളുടെ രൂപകൽപന

| **ചോദ്യം**<br>**ശ്രീ. അനിൽ അക്കര** | **മറുപടി**<br>**ശ്രീ. പിണറായി വിജയൻ**<br>**(ബഹു. മുഖ്യമന്ത്രി)** |
|---|---|
| എ) ഐ. ആന്റ് പി.ആർ.ഡി വിഭാഗം വഴി നൽകുന്ന സർക്കാരിന്റെ പരസ്യങ്ങൾ രൂപകൽപന ചെയ്യുന്നതിന് സ്വകാര്യ ഏജൻസികൾക്ക് കരാർ നൽകുന്നുണ്ടോ; എങ്കിൽ ഇപ്പോൾ ഏത് സ്വകാര്യ ഏജൻസിക്കാണ് കരാർ നൽകിയിരിക്കുന്നതെന്നും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര കരാറുകൾ പ്രസ്തുത ഏജൻസിക്ക് നൽകിയെന്നും അറിയിക്കുമോ; | എ) ഐ&പി.ആർ.ഡി വഴി നൽകുന്ന പരസ്യങ്ങൾ രൂപകല്പന ചെയ്യുവാൻ സ്വകാര്യ ഏജൻസികളെ ഏർപ്പാടാക്കുന്ന പതിവില്ല. എന്നാൽ പ്രത്യേക സാഹചര്യങ്ങളിൽ പരസ്യം ഡിസൈൻ ചെയ്യാൻ ഏജൻസികൾക്ക് നൽകുമ്പോൾ താൽപര്യപത്രം ക്ഷണിച്ചാണ് ഏജൻസികളെ കണ്ടെത്തുന്നത്. അത്തരത്തിൽ മൈത്രി അഡ്വർടൈസിംഗ് വർക്ക്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ഈ സാമ്പത്തിക വർഷം 13 ഡിസൈൻ വർക്കുകൾ ചെയ്തു നൽകിയിട്ടുണ്ട്. |
| ബി) ടെണ്ടർ വിളിച്ചാണോ പ്രസ്തുത കരാർ നൽകിയിട്ടുള്ളത്; | ബി) താൽപര്യപത്രം ക്ഷണിച്ചാണ് വർക്ക് നൽകിയത് |
| സി) പബ്ലിക് റിലേഷൻസ് വിഭാഗത്തിൽ സ്വന്തമായി ഫോട്ടോഗ്രാഫറും, ഗ്രാഫിക് ഡിസൈനറും ഉള്ളപ്പോൾ സ്വകാര്യ ഏജൻസിയെ പരസ്യ രൂപകൽപ്പന ഏൽപ്പിക്കുന്നത് എന്തടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കാമോ; | സി) ക്യാമ്പയിനുകളുടെ ഭാഗമായി പ്രത്യേക സാഹചര്യങ്ങളിൽ വകുപ്പ് സ്വകാര്യ ഏജൻസികൾക്ക് ഡിസൈൻ വർക്ക് നൽകാറുണ്ട്. |
| ഡി) ഇതു സംബന്ധിച്ച എന്തെങ്കിലും പരാതി വിജിലൻസിന്റെ പരിശോധനയിലുണ്ടോ; വിജിലൻസിന്റെ ഇക്കാര്യത്തിലുള്ള ശുപാർശയെന്താണ്; വിശദമാക്കാമോ? | ഡി) ഈ വിഷയത്തിൽ വിജിലൻസ് വിഭാഗം വിശദാംശങ്ങൾ ആവശ്യപ്പെടുകയും ആയതിന് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. വിജിലൻസ് വിഭാഗത്തിൽ നിന്നും മറ്റ് ശുപാർശകൾ ഒന്നും വകുപ്പിൽ ലഭ്യമായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**